# പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്

രജി. ഓഫീസ് - കോട്ടയം - 686 004

PSE/2026/5730 26.03.2026

പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെ പറഞ്ഞിരിക്കുന്ന വിവിധ റബ്ബർ എസ്റ്റേറ്റുകളിൽ 2026 ജൂൺ/ജൂലൈ മാസങ്ങളിൽ നടുവാനായി RRII-430-ന്റെ ഏകദേശം നാലര ലക്ഷത്തോളം കപ്പ് തൈകൾ ആവശ്യമുണ്ട്. ആയതിലേയ്ക്കായി കേരള സർക്കാരിന്റെ ഇ-ടെൻഡർ പോർട്ടൽ (http://etenders.kerala.gov.in) വഴി ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. ഇ-ടെൻഡർ-കം-ഇ-ഓക്ഷൻ-ലൂടെ ആയിരിക്കും ദർഘാസ് നടപടികൾ കൈകൊള്ളുന്നത്.

പത്തനംതിട്ട ജില്ലയിൽ വരുന്ന തണ്ണിത്തോട്, ചന്ദനപ്പള്ളി, കൊടുമൺ തോട്ടങ്ങളിലും, എറണാകുളം ജില്ലയിൽ വരുന്ന കല്ലാല, ആതിരപ്പിള്ളി തോട്ടങ്ങളിലും, മലപ്പുറം ജില്ലയിൽ വരുന്ന നിലമ്പൂർ തോട്ടത്തിലും, കോഴിക്കോട് ജില്ലയിൽ വരുന്ന പേരാമ്പ്ര തോട്ടത്തിലുമാണ് തൈകൾ ഇറക്കി തരേണ്ടത്.

**വിതരണം ചെയ്യേണ്ട തൈകളുടെ എണ്ണവും, ആവശ്യമായ ക്ളോണുകളും ചുവടെ ചേർക്കുന്നു:**

| എസ്റ്റേറ്റ് | ജില്ല | ആവശ്യമുള്ള റൂട്ട് ട്രെയിനർ തൈകളുടെ ഏകദേശം എണ്ണം | ആവശ്യമുള്ള ക്ളോൺ |
|---|---|---|---|
| **കൊടുമൺ എസ്റ്റേറ്റ്** നെടുമൺകാവ് പി.ഓ, കൂടൽ (വഴി), പത്തനംതിട്ട-689 693 | പത്തനംതിട്ട | 101120 | RRII 430 |
| **ചന്ദനപ്പള്ളി എസ്റ്റേറ്റ്** നെടുമൺകാവ് പി.ഓ, കൂടൽ (വഴി), പത്തനംതിട്ട-689 693 | പത്തനംതിട്ട | 79185 | RRII 430 |
| **തണ്ണിത്തോട് എസ്റ്റേറ്റ്, തണ്ണിത്തോട് പി.ഒ, (കോന്നി വഴി)**പത്തനംതിട്ട-689 699 | പത്തനംതിട്ട | 5000 | RRII 430 |
| **കല്ലാല എസ്റ്റേറ്റ് കാലടി പ്ലാന്റേഷൻ പി.ഓ., ആലുവ (വഴി), എറണാകുളം–683 581** | എറണാകുളം | 104770 | RRII 430 |

| | | | |
|---|---|---|---|
| **അതിരപ്പള്ളി എസ്റ്റേറ്റ്**<br>**കാലടി പ്ലാന്റേഷൻ പി ഓ, ആലുവ (വഴി), എറണാകുളം– 683 581** | **എറണാകുളം** | 63340 | RRII 430 |
| **പേരാമ്പ്ര എസ്റ്റേറ്റ്**<br>മുതുകാട് പി ഓ, പെരുവണ്ണാമൂഴി, പേരാമ്പ്ര, കോഴിക്കോട്-673523 | കോഴിക്കോട് | 72710 | RRII 430 |
| നിലമ്പൂർ **എസ്റ്റേറ്റ്**<br>നിലമ്പൂർ ആർ. എസ്.പി. ഓ നിലമ്പൂർ, മലപ്പുറം - 679 330 | മലപ്പുറം | 23875 | RRII 430 |
| **അകെ തൈകളുടെ എണ്ണം** | | **450000** | |

ഓരോ എസ്റ്റേറ്റിനും പ്രത്യേകം ടെൻഡറുകൾ സ്വീകരിക്കുന്നതല്ല. പി.സി.കെ.–യുടെ മേൽപറഞ്ഞിരിക്കുന്ന എല്ലാ തോട്ടങ്ങൾക്കും കൂടി മൊത്തത്തിൽ 4.5 ലക്ഷം കപ്പ് തൈകൾ ആണ് ആകെ വേണ്ടത്. ഒരു കക്ഷിക്ക് നൽകുവാൻ കഴിയുന്ന പരമാവധി തൈകളുടെ എണ്ണവും, തൈ ഒന്നിനുള്ള വിലയുമാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. അതേ വിലക്ക് തന്നെ നഴ്സറി ഉടമയുടെ സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും ടെൻഡറിൽ പറയുന്ന എണ്ണം തൈകൾ പി.സി.കെ.-യുടെ മേൽ വിവരിച്ച തോട്ടങ്ങളിൽ ആവശ്യാനുസരണം നിശ്ചിത സമയത്ത് ഇറക്കി തരേണ്ടതാണ്.

ടെൻഡറിൽ രേഖപ്പെടുത്തുന്ന ആകെ തുകയുടെ 1% നിരതദ്രവ്യമായി പി.സി.കെ. -യിൽ അടക്കേ താണ്. ടെൻഡർ നൽകുന്നവർ തങ്ങൾക്ക് നൽകുവാൻ കഴിയുന്ന പരമാവധി തൈകളുടെ എണ്ണം രേഖപ്പെടുത്തണം. **കുറഞ്ഞത് 50,000 കപ്പ് തൈകൾ എങ്കിലും നൽകേ**ണ്ട**താണ്.** അതിൽ കൂടുതൽ തൈകൾ കൈവശം ഉണ്ടെങ്കിൽ കൂടുതൽ എണ്ണത്തിനും ടെൻഡർ നൽകാവുന്നതാണ്.

ഗുണനിലവാരം ഇല്ലാത്ത തൈകൾ തിരസ്കരിക്കുന്നതാണ്. മറ്റു വ്യവസ്ഥകൾ താഴെ കൊടുത്തിരിക്കുന്നു.

**വ്യവസ്ഥകൾ**

1. പി.സി.കെ. ആവശ്യപ്പെടുന്ന എസ്റ്റേറ്റിൽ എത്തിച്ച് നൽകുന്നതിനുള്ള (കപ്പിന്റെ വില കിഴിച്ചുള്ള) ഒരു കപ്പ് തൈയുടെ നിരക്കാണ് ഏറ്റവും കുറഞ്ഞ തുകയായി ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്. രേഖപ്പെടുത്തുന്ന മുഴുവൻ തൈകളുടെയും ആകെയുള്ള വില അല്ല, ഒരു കപ്പു തൈയുടെ വിലയാണ് ടെൻഡറിൽ രേഖപ്പെടുത്തേണ്ടത് എന്ന് പ്രത്യേകം ശ്രദ്ധിക്കുക. കരാറുകാരന് റൂട്ട് ട്രെയിനർ തൈകളുടെ കപ്പുകൾ തൈ നടീൽ കഴിഞ്ഞ് 30 ദിവസത്തിനകം സ്വന്തം ചിലവിൽ തോട്ടങ്ങളിൽ നിന്നും ശേഖരിച്ച് തിരികെ കൊണ്ടുപോകാവുന്നതാണ്.
2. ടെൻഡർ സംബന്ധിച്ചു തീരുമാനങ്ങൾ എടുക്കുന്നതിനുള്ള വിവേചന അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ പൂർണ്ണമായി

നിക്ഷിപ്തമായിരിക്കുന്നതും, ഇത്തരം സന്ദർഭങ്ങളിൽ കരാറുകാരന് നഷ്ടപരിഹാരങ്ങൾക്ക് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

വിദഗ്ദ സമിതി നേരിട്ട് പരിശോധിച്ച് തൈകളുടെ ഗുണനിലവാരം ബോധ്യപ്പെട്ടാൽ മാത്രമേ ടെൻഡർ ഉറപ്പിക്കുകയുള്ളൂ.

3. കരാറുകാരൻ പർച്ചേയ്സ് ഓർഡറിൽ പറഞ്ഞിരിക്കുന്ന തീയതിക്കുള്ളിൽ (ഷെഡ്യൂൾ അനുസരിച്ച്) തൈകൾ പി.സി.കെ. ആവശ്യപ്പെടുന്ന എസ്റ്റേറ്റിൽ എത്തിച്ചു നൽകേണ്ടതാണ്. കരാർ വ്യവസ്ഥകളിൽ വീഴ്ച വരുത്തിയാൽ കരാർ റദ്ദാക്കുകയും, സെക്യൂരിറ്റി ഡെപ്പോസിറ്റ് കണ്ടുകെട്ടുകയും, കോർപ്പറേഷന് വരുന്ന എല്ലാ കഷ്ടനഷ്ടങ്ങളും ഈടാക്കുകയും, കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്യും.
4. ടെൻഡർ സംബന്ധിച്ച എന്തെങ്കിലും തർക്കങ്ങൾ/വ്യവഹാരങ്ങൾ ഉണ്ടാവുകയാണെങ്കിൽ ആയതിന്റെ നിയമ നടപടികൾക്കുള്ള പരിധി കോട്ടയത്തുള്ള കോടതികൾ ആയിരിക്കും.
5. ദർഘാസുകൾ ബാധകമായിട്ടുള്ള നികുതി കിഴിവ് സംബന്ധിച്ച എല്ലാ വ്യവസ്ഥകളും ബാധകമാണ്.
6. ടെൻഡർ അംഗീകരിച്ചുകൊണ്ട് കരാറുകാരൻ അറിയിപ്പ് നൽകുന്നതും, അറിയിപ്പ് ലഭിച്ച് 7 ദിവസങ്ങൾക്കകം കരാറുകാരൻ 200/- രൂപ മുദ്രപ്പത്രത്തിൽ ഇതിലേയ്ക്കായി ഒരു കരാർ കോർപ്പറേഷനുമായി വെയ്ക്കേണ്ടതും കരാറിന്റെ മൊത്തം തുകയുടെ 5% വരുന്ന തുക (EMD തുക അടക്കം) സെക്യൂരിറ്റി ഡെപ്പോസിറ്റായി കെട്ടിവയ്ക്കേണ്ടതാണ്.
7. എസ്റ്റേറ്റിൽ എത്തിച്ചു തരുന്ന തൈകളുടെ ഗുണ നിലവാരം ബോധ്യപ്പെട്ട ശേഷം മാത്രം പേയ്മെന്റ് നൽകുന്നതാണ്. കരാറുകാരൻ ഒറിജിനൽ ഇൻവോയ്സ് എസ്റ്റേറ്റിൽ തൈകൾ വിതരണം ചെയ്യുന്ന സമയത്ത് നൽകേണ്ടതും കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള ഗുണനിലവാരമുള്ള തൈകളുടെ എണ്ണം കൃത്യതയോടെ കക്ഷികൾ ഉറപ്പുവരുത്തേണ്ടതുമാണ്.
8. നിരക്ക് അംഗീകരിക്കാത്ത കരാറുകാരുടെ EMD കരാറിൻമേൽ അന്തിമ തീരുമാനമെടുത്ത ശേഷം 30 ദിവസത്തിനകം കരാറുകാരന്റെ അപേക്ഷയിൻമേൽ തിരികെ നൽകുന്നതാണ്. EMD/ സെക്യൂരിറ്റി എന്നീ തുകയ്ക്ക് പലിശ നൽകുന്നതല്ല.
9. കരാറുകാരന്റെ സെക്യൂരിറ്റി തുക കരാർ കാലാവധി കഴിഞ്ഞ് തിരികെ നൽകുന്നതാണ്.

10. ടെൻഡർ ഫോറത്തിന് 6000/- രൂപ + 18% GST എന്ന നിരക്കിൽ ഓൺലൈനായി ടെൻഡർ സമർപ്പിക്കുന്ന സമയത്ത് അടയ്ക്കേണ്ടതാണ്. അല്ലാതുള്ള ടെൻഡറുകൾ നിരസിക്കുന്നതായിരിക്കും.
11. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താർ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
12. ഇ-ടെൻഡറുകൾ സമർപ്പിക്കാനുള്ള അവസാന ദിവസം **07.04.2026, 11.30AM**. ആണ്.
13. ടെൻഡറിൽ യോഗ്യനായ കരാറുകാരൻ തൈകൾ വിതരണ ഉത്തരവ് ലഭിച്ച ശേഷം സമയബന്ധിതമായി നടീലിന് ആവശ്യമായ എണ്ണം റബ്ബർ തൈകൾ യഥാസമയം നിശ്ചിത തോട്ടങ്ങളിൽ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം, മറ്റ് കക്ഷികിൽ നിന്നും ആദ്യ കക്ഷിയുടെ നഷ്ടോത്തരവാദിത്വത്തിൽ ആവശ്യാനുസരണം തൈകൾ വാങ്ങുന്നതിനുള്ള ഉത്തരവ് നൽകുന്നതിന് കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.
14. തൈകളുടെ വിതരണത്തിനായി ഏറ്റവും കുറഞ്ഞ നിരക്കിൽ തിരഞ്ഞെടുക്കപ്പെട്ട കരാറുകാരുടെ കൈവശം കൂടുതൽ തൈകൾ വിതരണത്തിനായി ഉണ്ടാകുന്ന പക്ഷം, ആവശ്യമെങ്കിൽ, ഗുണനിലവാരം പരിശോധിച്ച് ഉറപ്പിച്ച ശേഷം അവരിൽ നിന്നും കൂടുതൽ തൈകൾ വാങ്ങുന്നതിന് പി.സി.കെ.-ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്.
15. ഇ-ഓക്ഷന്റെ സമയം, തീയതി എന്നിവ യോഗ്യരായ കക്ഷികളെ ഇ-ടെൻഡർ പോർട്ടലിലൂടെയും, ഇ-മെയിലിലൂടെയും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പറിൽ എസ്.എം.എസ്. മുഖേനയും അറിയിക്കുന്നതാണ്. കുറഞ്ഞത് ഒരു മണിക്കൂർ ആയിരിക്കും ലേല സമയം.
16. ഇ-ടെൻഡർ വഴി നിരക്കുകൾ രേഖപ്പെടുത്തി തൈകൾ വിതരണം ചെയ്യാൻ താൽപര്യപ്പെടുന്ന നഴ്സറി/കരാറുകാരൻ ടെൻഡർ കണ്ടീഷന്റെ എല്ലാ പേജുകളിലും ഒപ്പ് വച്ചതിന്റെയും, EMD തുകയുടെ ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻ കോപ്പി ഇ-ടെൻഡറിൽ നിരക്കുകൾ സമർപ്പിക്കുന്ന സമയത്ത് അപ്‌ലോഡ് ചെയ്യേണ്ടതാണ്. എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടീഷന്റെയും (നിരക്കുകൾ രേഖപ്പെടുത്തിയ ഭാഗം ഒഴികെ), EMD-യുടെയും ഒറിജിനൽ എന്നിവ ഒട്ടിച്ച കവറിൽ <u>റബ്ബർ തൈകൾക്കായുള്ള ഇ-ടെൻഡർ രേഖകൾ എന്ന ശീർഷകത്തിൽ നഴ്സറി/കരാറുകാരൻറെ വിലാസവും മൊബൈൽ നമ്പറും സഹിതം</u> 07.04.2026 തീയതിക്ക് 5.00PM ന് മുമ്പായി കോർപ്പറേഷന്റെ

കോട്ടയത്തുള്ള ഹെഡ് ഓഫീസിലെ പർച്ചേസ് ഡിപ്പാർട്ട്മെൻറിൽ എത്തിച്ചിരിക്കേണ്ടതാണ്.

17. ഇ-ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയ്ക്ക് ശേഷം, തൈകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് വേണ്ടി കോർപ്പറേഷൻ നിയോഗിച്ചിട്ടുള്ള ടെക്നിക്കൽ കമ്മറ്റി ഈ വർഷം പരിശോധന നടത്തിയിട്ടില്ലാത്ത പുതിയ നഴ്സറികൾ ടെണ്ടറിൽ പങ്കെടുത്തിട്ടുള്ള പക്ഷം, ടി കക്ഷികളുടെ നഴ്സറികൾ മുൻകൂർ അറിയിപ്പ് നൽകി നേരിട്ടെത്തി പരിശോധിക്കുന്നതും, തൈകളുടെ ഗുണനിലവാരം, തൈകളുടെ ലഭ്യത എന്നീവ ബോധ്യപ്പെടുന്നതും ആണ്. ടെക് നിക്കൽ കമ്മറ്റിയുടെ റിപ്പോർട്ടുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത പുതിയ നേഴ്സറികളെ/കക്ഷികളെ തുടർന്നുള്ള ടെണ്ടർ നടപടികളിൽ നിന്നും ഒഴിവാക്കുന്നതാണ്.

ഇ-ടെൻഡർ-കം-ഇ-ഓക്ഷൻ നടപടിക്രമങ്ങളെ കുറിച്ച് സംശയങ്ങൾ നിവാരണം ചെയ്യുന്നതിനും കൂടുതൽ വിവരങ്ങൾക്കും ദി മാനേജർ (കൊമേഴ്സ്യൽ), പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം – 686004 (9496076007) ബന്ധപ്പെടുക. കൂടാതെ website: www.pcklimited.in കാണുക.

കോട്ടയം
26.03.2026

Sd/-
മാനേജിംഗ് ഡയറക്ടർ

**<u>കരാറുകാരൻ നൽകാൻ തയ്യാറുള്ള തൈകളുടെ എണ്ണം</u>**

| ഇനം | ആകെ എണ്ണം |
|---|---|
| **റൂട്ട് ട്രൈനെർ റബ്ബർ തൈകൾ ക്ലോൺ RRII 430** | |

കരാറുകാരന്റെ/നഴ്സറിയുടെ പേര് :

ഒപ്പ് :

മൊബൈൽ നമ്പർ :

തീയതി :

# Details of Tenderer

| | |
|---|---|
| Name and Address | |
| GST Number of the Tenderer | |
| Aadhar No.(with copy) | |
| Details of EMD | |
| Telephone No. & Fax No. | |
| E-mail ID | |
| Date | |